**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 362** **01-02-2023 - ൽ മറുപടിയ്ക്ക്**

**റോഡരുകുകളിലെ പൊന്തക്കാടുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആവർത്തന പ്രവൃത്തികൾ നടത്താൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ പഞ്ചായത്തുകളുടെ ആസ്തിയിൽപ്പെട്ട റോഡരുകുകളിലെ സുരക്ഷാ ഭീഷണിയുള്ള പൊന്തക്കാടുകൾ നീക്കം ചെയ്യുന്നതിന് കഴിയാത്തതുമൂലം മാലിന്യങ്ങളും ഇഴജന്തുക്കളും വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഞ്ചായത്തുകളുടെ ആസ്തിയിൽപ്പെട്ട റോഡുകളിലെ സുരക്ഷാ ഭീഷണിയുള്ള പൊന്തക്കാടുകൾ നീക്കംചെയ്യുന്നതിന് തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കി പരിഹാരം കാണാവുന്നതാണ്. |
| (ബി) | പഞ്ചായത്തുകൾക്ക് തനത് ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ നടത്താനുള്ള അനുമതി നൽകുന്നതിന് വേണ്ട നടപടി എടുക്കുമോ; വിശദമാക്കുമോ? | (ബി) | തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കുന്ന നടപടികൾ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ